I/60339/2024

**<u>03/05/2024 തീയതിയിൽ 2.30 PM -ന് ജോയിന്റ് മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനുട്സ്</u>**

2.30 PM -ന് യോഗം ആരംഭിച്ചു. ജോയിന്റ് മാനേജിങ് ഡയറക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. 2024 മാർച്ച് മാസത്തെ കളക്ഷനിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടായില്ലെന്നും റവന്യൂ കളക്ഷൻ വർദ്ധിക്കേണ്ടത് അത്യാവശ്യമാണെന്നും ജോയിന്റ് മാനേജിങ് ഡയറക്ടർ ആമുഖമായി പറഞ്ഞു.

2024 ഏപ്രിൽ മാസത്തിലെ കളക്ഷൻ ഇ-അബാക്കസ് പ്രകാരം 75 കോടി മാത്രമാണ്. മുൻകാലങ്ങളിൽ സർക്കാർ നൽകി വന്നിരുന്ന നോൺ പ്ലാൻ ഫണ്ടിന്റെ ലഭ്യത നിലവിൽ കുറഞ്ഞിരിക്കുന്ന അവസ്ഥയിൽ, റവന്യൂ കളക്ഷൻ മാത്രമാണ് അതോറിറ്റിയുടെ വരുമാനം. കുടിശ്ശിക തിരിച്ചടവ് ഉൾപ്പെടെ നിലവിൽ ഒരു മാസത്തെ ചെലവുകൾക്ക് കുറഞ്ഞത് 110-120 കോടി രൂപയെങ്കിലും ആവശ്യമാണ്. അതോറിറ്റി പിരിച്ചെടുക്കേണ്ട കുടിശ്ശിക തുക കൂടി വരികയാണ്. ആയത് പരമാവധി പിരിച്ചെടുത്ത് കുടിശ്ശിക കുറച്ച് വരേണ്ടത്തും ഓരോ മാസത്തെയും റവന്യൂ വരുമാനം വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണെന്ന് ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു. ഗാർഹിക/ഗാർഹികേതര വിഭാഗത്തിൽപ്പെട്ട ഒരു വർഷമായി വാട്ടർ ചാർജ് അടയ്ക്കാത്ത ഉപഭോക്താക്കളെ ഫോളോ അപ്പ് ചെയ്യേണ്ടതാണ്.

കടുത്ത വേനൽ ചൂട് അനുഭവപ്പെടുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ഗാർഹിക വിഭാഗത്തിൽപ്പെട്ട കണക്ഷനുകളിൽ വിച്ഛേദനം ഒഴികെയുള്ള കുടിശ്ശിക നിവാരണ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും കുടിശ്ശികയുള്ള ഗാർഹികേതര, വാണിജ്യ കണക്ഷനുകൾ കുടിശ്ശിക പിരിച്ചെടുക്കൽ നടപടിയുടെ ഭാഗമായി വിച്ഛേദിക്കുന്നതിനു നിലവിൽ തടസ്സമില്ലെന്നും ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു.

<u>പ്രധാന യോഗതീരുമാനങ്ങൾ ചുവടെ ചേർക്കുന്നു</u>

1. എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ സ്ഥാപിക്കേണ്ടതാണ്. അതിനുള്ള ചെലവ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. അതിനുള്ള നിർദേശവും എസ്റ്റിമേറ്റും അറിയിച്ചുകൊണ്ട് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും 25/05/2024 നകം കത്ത് നൽകേണ്ടതാണ്. (നടപടി : എക്സിക്യൂട്ടീവ് എഞ്ചിനീയർ/ റവന്യൂ ഓഫീസർ) അവസാന തീയതി: 25/05/2024 .
2. കുടിശ്ശിക സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന ജലനിധി കണക്ഷനുകളിൽ, കുടിശ്ശിക തുക മാറ്റി നിർത്തി 2024 ഏപ്രിൽ മുതലുള്ള തൻമാസ ബില്ലുകൾ അടക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം കണക്ഷൻ വിച്ഛേദിക്കുന്നതാണെന്നും അറിയിച്ച് ജലനിധി അധികൃതർക്ക് 25/05/2024 നകം കത്ത് നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും നൽകേണ്ടതാണ്. (നടപടി : എക്സിക്യൂട്ടീവ് എഞ്ചിനീയർ / റവന്യൂ ഓഫീസർ) അവസാന തീയതി: 25/05/2024 .
3. അതോറിറ്റിയുമായി നേരിട്ടോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയോ, ദീർഘകാല അടിസ്ഥാനത്തിൽ സൗജന്യമായോ കുറഞ്ഞ നിരക്കിലോ ജലം നൽകാമെന്ന ധാരണയിൽ ഭൂമി കൈമാറ്റം ചെയ്ത ഉപഭോക്താക്കളുടെ വിവരങ്ങൾ ശേഖരിച്ച് ആർ.എം.സി-യിൽ റിപ്പോർട്ട് നൽകേണ്ടതാണ്. ടി കണക്ഷനുകളിൽ മീറ്റർ സ്ഥാപിക്കേണ്ടതും ഉപഭോഗം കണക്കാക്കേണ്ടതുമാണ്. (നടപടി : എക്സിക്യൂട്ടീവ് എഞ്ചിനീയർ / റവന്യൂ ഓഫീസർ) അവസാന തീയതി: 31/05/2024 .
4. ബിൽഡിംഗ് ടാക്സ് വാട്ടർ ചാർജുമായി ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. (നടപടി : റവന്യൂ ഓഫീസർ) അവസാന തീയതി: 31/05/2024 .
5. കോഴിക്കോട് കോർപ്പറേഷന്റെ കുടിശ്ശിക വിഷയം പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ തീരുമാനമായിട്ടുണ്ട്. ആർ.എം.സി-യിൽ നിന്നുള്ള നിർദേശം ലഭിക്കുന്ന മുറയ്ക്ക് കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകേണ്ടതും, നേരിൽ കണ്ട് വിഷയം സംസാരിച്ച് ഫോളോ അപ്പ് ചെയ്യേണ്ടതുമാണ്. (നടപടി : അക്കൗണ്ട്സ് ഓഫീസർ, പി.എച്ച്. സർക്കിൾ കോഴിക്കോട്; റവന്യൂ ഓഫീസർ, പി.എച്ച്. ഡിവിഷൻ, കോഴിക്കോട്) അവസാന തീയതി: 31/05/2024 .
6. പൊതുടാപ്പുകളുടെ വാട്ടർ ചാർജ്, ഡി.സി.ബി-യിലും ഇ-അബാക്കസിലും വ്യത്യസ്തമായ തുകകളുള്ള ഡിവിഷനുകൾ ആയത് പരിശോധിച്ച് 31/05/2024-നു മുൻപായി കറക്ട് ചെയ്യേണ്ടതാണ്. (നടപടി : റവന്യൂ ഓഫീസർ) അവസാന തീയതി: 31/05/2024 .
7. അൺ-ഐഡന്റിഫൈഡ് കണക്ഷനുകൾ അഥവാ നോൺ-എക്സിസ്റ്റിങ് കണക്ഷനുകൾ മാർക്ക് ചെയ്യേണ്ടതിന് നിശ്ചയിച്ചിരുന്ന സമയപരിധി കഴിഞ്ഞിട്ടുണ്ട്. നോൺ-എക്സിസ്റ്റിങ് കണക്ഷനുകൾ അബാക്കസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അജണ്ട ബോർഡ് മീറ്റിംഗിൽ സമർപ്പിച്ച് അംഗീകാരം

ലഭിച്ചതിനു ശേഷവും, അബാക്കസിൽ നിലനിൽക്കുന്ന അത്തരം കണക്ഷനുകളിൽ കുടിശ്ശികയുണ്ടെൻങ്കിൽ ആയതിന്റെ ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായിരിക്കും. **31/05/2024**-നു മുൻപായി, ഒരു നോൺ-എക്സിസ്റ്റിങ് കണക്ഷൻ പോലും അബാക്കസിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും ബാക്കി എല്ലാ കണക്ഷനുകളിലും റീഡിങ് എടുക്കേണ്ടതുമാണ്. (നടപടി : റവന്യൂ ഓഫീസർ) അവസാന തീയതി: **31/05/2024** .

8. ഫെഡറൽ ബാങ്ക്, വാട്ടർ അതോറിറ്റി ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള പി.ഒ.എസ് മെഷീനുകൾ ഉപയോഗിക്കുന്നില്ലായെന്ന് വിലയിരുത്തുന്നു. ആയത് ബാങ്കിന് തിരികെ നൽകേണ്ടതാണ്. അതാത് ഡിവിഷന് കീഴിലുള്ള ഓഫീസുകളിൽ നിന്നും മെഷീനുകളുടെ എണ്ണം സംബന്ധിച്ച ലിസ്റ്റ് ശേഖരിച്ച് വയ്ക്കേണ്ടതും ബാങ്കിൽ നിന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എല്ലാ മെഷീനുകളും തിരികെ നൽകി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. (നടപടി : റവന്യൂ ഓഫീസർ) അവസാന തീയതി: **15/06/2024** .
9. ഏകീകൃത വാട്ടർ ചാർജ് ബില്ലുകൾ നൽകുന്നതിന്, വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള കണക്ഷനുകൾ അബാക്കസിൽ ശരിയായി മാർക്ക് ചെയ്യുന്ന പ്രവർത്തി ഇപ്പോഴും പൂർത്തിയായിട്ടില്ലാത്തതായി കാണുന്നു. സെക്ഷൻ ഓഫീസുകളിൽ ഒരാളെ അതിലേക്കായി ചുമതലപ്പെടുത്തേണ്ടതും അബാക്കസിൽ ടി കണക്ഷനുകൾ ശരിയായി മാർക്ക് ചെയ്യേണ്ടതുമാണ്. (നടപടി : റവന്യൂ ഓഫീസർ) അവസാന തീയതി: **15/06/2024** .
10. വാട്ടർ ചാർജ് കുടിശ്ശികയുള്ള സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള കണക്ഷനുകൾ കുടിശ്ശിക പിരിക്കുന്നതിന്റെ ഭാഗമായി (പോലീസ്, ആശുപത്രി കണക്ഷനുകൾ ഒഴികെ) വിച്ഛേദിക്കാവുന്നതാണ്. വേനലവധി ആയതിനാൽ കുടിശ്ശികയുള്ള സർക്കാർ സ്കൂളുകളുടെ കണക്ഷനുകൾ ഈ സമയം വിച്ഛേദിക്കാവുന്നതാണ്. (നടപടി : എക്സിക്യൂട്ടീവ് എഞ്ചിനീയർ / റവന്യൂ ഓഫീസർ)
11. ജോയിന്റ് മാനേജിങ് ഡയറക്ടർ, ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ, **2024** മെയ് മാസം മുതൽ നടത്താൻ ഉദ്ദേശിച്ചിട്ടുള്ള, ഫീൽഡ് വിസിറ്റ്, അതാത് സർക്കിൾ അക്കൗണ്ട്സ് ഓഫീസർമാർ കോ-ഓർഡിനേറ്റ് ചെയ്യേണ്ടതാണ്. ഫീൽഡ് വിസിറ്റ് തീയതികൾ അറിയിക്കുന്നതാണ്. സെക്ഷൻ തിരിച്ചുള്ള ഡിമാൻഡ്, കളക്ഷൻ, പ്രൊഡക്ഷൻ, ബില്ലിങ് എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. (നടപടി : അക്കൗണ്ട്സ് ഓഫീസർ/ റവന്യൂ ഓഫീസർ)
12. വാട്ടർ അതോറിറ്റി ഓഫീസ് കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിക്കുന്ന കാന്റീനുകളിൽ ഉപഭോഗം കണക്കാക്കുന്നതിനായി മീറ്ററുകൾ സ്ഥാപിക്കേണ്ടതാണ്. എൻ.ആർ.ഡബ്ല്യൂ കണക്കാക്കുന്നതിന് അത് ഉപകരിക്കുന്നതാണ്. ആയതിനുള്ള ചെലവ് ഡിവിഷനുകളുടെ റവന്യൂ സംബന്ധമായ നടപടികൾക്കുള്ള ചെലവിൽ ഉൾപ്പെടുത്തി ഫണ്ടിന് അപേക്ഷിക്കാവുന്നതാണ്. (നടപടി : എക്സിക്യൂട്ടീവ് എഞ്ചിനീയർ/റവന്യൂ ഓഫീസർ) അവസാന തീയതി: **30/06/2024** .
13. വരൾച്ച സമയങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ടാങ്കർ ലോറികളിൽ സൗജന്യമായി വെള്ളം നൽകണമെന്ന് പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടതായി റവന്യൂ ഓഫീസർമാർ ശ്രദ്ധയിൽപ്പെടുത്തി. എന്നാൽ വരൾച്ച സമയങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ടാങ്കർ ലോറികളിൽ നൽകുന്ന വെള്ളത്തിന് ബില്ല് ഈടാക്കേണ്ടതാണ്. തുക അടച്ചില്ല എന്ന കാരണത്താൽ വെള്ളം നൽകുന്നത് തടസപ്പെടുത്താൻ പാടില്ല. ഇത്തരത്തിൽ ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകിയ വെള്ളത്തിന്റെ കൺസോളിഡേറ്റഡ് ബില്ല് നൽകേണ്ടതും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (നടപടി : റവന്യൂ ഓഫീസർ)
14. ജെ.ജെ.എം-ൽ ഗാർഹിക വിഭാഗത്തിൽ നൽകിയ അംഗൻവാടി കണക്ഷനുകളെല്ലാം ഗാർഹികേതര വിഭാഗത്തിലേക്ക് മാറ്റേണ്ടതാണ്. (നടപടി : റവന്യൂ ഓഫീസർ) അവസാന തീയതി: **31/05/2024** .
15. ആംനസ്റ്റി പദ്ധതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഡിവിഷനുകളുടെ റാങ്കിങ് കണക്കാക്കുന്നതിൽ നിന്നും ആയത് ഒഴിവാക്കേണ്ടതുണ്ട്. ആയതിനാൽ ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കിയ കേസുകളിൽ കുടിശ്ശിക ഇനിയും അടച്ചു തീർക്കാനുണ്ടെങ്കിൽ അത് പരിശോധിച്ച് പൂർണമായും തീർപ്പാക്കേണ്ടതാണ്. (നടപടി: റവന്യൂ ഓഫീസർ) അവസാന തീയതി: **15/06/2024** .
16. വാട്ടർ അതോറിറ്റി കെട്ടിടങ്ങളിൽ മീറ്റർ സ്ഥാപിക്കുന്ന പ്രവർത്തിയുടെ പുരോഗതി അറിയിക്കേണ്ടതാണ്. (നടപടി: എക്സിക്യൂട്ടീവ് എഞ്ചിനീയർ /റവന്യൂ ഓഫീസർ) അവസാന തീയതി: **30/06/2024** .
17. വാട്ടർ അതോറിറ്റി ക്വാർട്ടേഴ്സുകളിൽ മീറ്ററുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. മീറ്റർ ഇല്ലാത്ത ക്വാർട്ടേഴ്സുകളിൽ അടിയന്തിരമായി മീറ്റർ സ്ഥാപിക്കേണ്ടതാണ്.(നടപടി: അസിസ്റ്റന്റ് എഞ്ചിനീയർ) അവസാന തീയതി: **31/05/2024** .
18. ഡി.സി.ബി എല്ലാ മാസവും ആറാം തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.
19. ഇ-ടാപ്പ് സർവീസ് ചെയ്യുമ്പോൾ തെറ്റായ എൻട്രി കാരണം വരുന്ന അധിക ബില്ലുകൾ, റിപ്പോർട്ട് ചെയ്തു രണ്ടു ദിവസങ്ങൾക്കുള്ളിൽ തന്നെ ഡി.ബി.എ കറക്റ്റ് ചെയ്യേണ്ടതാണ്. (നടപടി: ഡി.ബി.എ)
20. ജെ.ജെ.എം കണക്ഷനുകൾ താമസിച്ച് ജിയോ ടാഗ് ചെയ്യുന്നതു മൂലം ഉണ്ടാകുന്ന കൂടിയ തുകയുടെ

I/60339/2024

ബില്ലുകൾ യഥാർഥ കണക്ഷൻ തീയതി മുതൽ ഉള്ള വാട്ടർ ചാർജ് ആയി പുനഃ ക്രമീകരിച്ചു നൽകേണ്ടതാണ്. (നടപടി: റവന്യൂ ഓഫീസർ ) ഇന്നത്തെ യോഗത്തിലെടുത്ത 20 തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ അടുത്ത യോഗത്തിൽ പരിശോധിക്കുന്നതാണ്.

4.40 PM -ന് യോഗം അവസാനിച്ചു.

Signed by
Dr. Dinesan Cheruvat I A S
Date: 21-05-2024 20:54:27

**JOINT MD KWA**